"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ലയിലെ കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് എൽ.പി.എസ്.ടി അധ്യാപികയായ സിസ്റ്റർ കെജിൻ മേരി എസ്സിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.650/2026/GEDN തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. ജനറൽ മാനേജർ, സി.ടി.സി എഡ്യൂക്കേഷണൽ ഏജൻസി, സെന്റ് ജോസഫ്സ് വിദ്യാഭവൻ ഇടപ്പള്ളി കൊച്ചി സമർപ്പിച്ച 30/04/2025 തീയതിലെ റിവിഷൻ ഹർജി.
2. പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/06/2025 ലെ AEOPMD/431/2025-C നമ്പർ കത്ത്.
3. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/07/2025 ലെ DEOKTP/968/2025-B1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/07/2025 ലെ എഫ്(4)/12514/2025/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് എൽ.പി.എസ്.ടി അധ്യാപികയായ സിസ്റ്റർ കെജിൻ മേരി എസ്സിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 03.07.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) **<u>നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>**

കുട്ടിക്കാനം സെന്റ് ജോസഫ്സ് എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപികയും LPST(Tamil) ഉം ആയിരുന്ന സിസ്റ്റർ ഡെൽഫിൻ റോസ് 31/03/2022 ൽ വിരമിച്ച ഒഴിവിൽ സിസ്റ്റർ കെജിൻ മേരി എസ്- നെ 01/06/2023 മുതൽ LPST(Tamil) ആയി നിയമിച്ചു. നിയമന രേഖയോടൊപ്പം സമർപ്പിച്ച സ്വഭാവ സർട്ടിഫിക്കറ്റ്, SSLC, HSE എന്നിവയുടെ ആധികാരികത പരിശോധിക്കേണ്ടതുണ്ട്, K Tet ഒറിജിനൽ സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ പീരുമേട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഈ നിയമനം നിരസിച്ചതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. 28/04/2025 ലെ F4/723550/2024/DGE നം. ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും ഈ നിയമനം നിരസിച്ചതിനെതിരെ ഗവൺമെന്റിലേക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. നിയമന രേഖയോടൊപ്പം സമർപ്പിച്ച സ്വഭാവ സർട്ടിഫിക്കറ്റ്, SSLC, HSE എന്നിവയുടെ ആധികാരികത പീരുമേട് A E O ഓഫീസിൽ പരിശോധിച്ചതാണ്. K Tet-1 ഒറിജിനൽ സർട്ടിഫിക്കറ്റും സമന്വയ - ൽ സമർപ്പിച്ചു എന്നറിയിക്കുന്നു. വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് കുട്ടിക്കാനം സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ. വിദ്യാലയത്തിന് മലയാളം മീഡിയം സ്കൂളായിട്ടാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ സ്കൂളിന്റെ സമീപത്തും പരിസര പ്രദേശങ്ങളിലുമുള്ള തേയില തോട്ടങ്ങളിൽ ജോലിക്കെത്തുന്ന തമിഴ് വംശജരായ തൊഴിലാളികളുടെ മക്കൾക്ക് അവരുടെ മാതൃഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് മലയാളം മീഡിയം സ്കൂളായി അംഗീകാരം ലഭിച്ചിട്ടുള്ള ഈ വിദ്യാലയത്തിൽ തമിഴ് മീഡിയം പാരലൽ ഡിവിഷൻ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലായി അനുവദിച്ച് നൽകിയിട്ടുള്ളത്. കുട്ടിക്കാനം സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ ഭാഷാ ന്യൂനപക്ഷ വിദ്യാലയം എന്ന വിഭാഗത്തിൽ ഉൾപ്പെടാത്തതിനാലും മലയാളം മീഡിയം സ്കൂളായി അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും, 20/08/2014 ലെ GO(MS)/162/14/G.Edn. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഈ സ്കൂളിൽ ബാധകമാകുന്നില്ല. കുട്ടിക്കാനം സെന്റ് ജോസഫ്സ് എൽ.പി സ്കൂളിലെ തമിഴ് മീഡിയം ക്ലാസ്സുകളിൽ മതിയായ എണ്ണം കുട്ടികൾ ലഭ്യമല്ലാത്തതിനാൽ തമിഴ് മീഡിയം വിഭാഗത്തെ 'മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗം' എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിലനിർത്താവുന്നതാണ്. കൂടാതെ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ KER അദ്ധ്യായം XXXIII ലെ വ്യവസ്ഥകൾക്ക് വിധേയമായി തസ്തിക നിർണ്ണയം നടത്തുവാൻ 28/12/1995 ലെ സർക്കാർ ഉത്തരവ് നമ്പർ GO(MS)/600/95/G.Edn. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ നിലവിലുള്ള റഗുലർ ഒഴിവുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാനും, 12/06/2018 ലെ സർക്കാർ ഉത്തരവ് നമ്പർ GO(P)/83/2018/G.Edn. പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മേൽ പരാമർശിത വസ്തുതകൾ പരിഗണിച്ച് കുട്ടിക്കാനം സെന്റ് ജോസഫ്സ് എൽ.പി സ്കൂളിലെ സിസ്റ്റർ കെജിൻ മേരി എസ്-ന്റെ 01/06/2023 മുതലുള്ള LPST(Tamil) നിയമനം ദിവസവേതന അടിസ്ഥാനത്തിൽ എങ്കിലും അംഗീകരിച്ചു നൽകുവാൻ പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് വിഭാഗം പ്രധാനാധ്യാപിക ആയിരുന്ന സിസ്റ്റർ. ഡെൽഫിൻ റോസ് 31/03/2022-ൽ വിരമിച്ച ഒഴിവിൽ ഇടപ്പള്ളി സി.റ്റി.സി എഡ്യൂക്കേഷണൽ ഏജൻസി മാനേജർ സിസ്റ്റർ. കെജിൻ മേരി എസ്സിനെ 01/06/2023 മുതൽ 35600-75400 ശമ്പള സ്കെയിലിൽ നിയമിക്കുകയും നിയമന പ്രൊപോസൽ സമന്വയ മുഖേന

 

14/06/2023-ൽ പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. കുട്ടിക്കാനം എസ്.ജെ.എൽ.പി. സ്കൂൾ മലയാളം തമിഴ് മീഡിയങ്ങൾ ഉള്ള സ്കൂളായിതിനാൽ തമിഴ് വിഭാഗത്തിൽ ഉള്ള പ്രധാനാധ്യാപിക വിരമിച്ചപ്പോൾ മലയാളം മീഡിയത്തിൽ ഉള്ള അധ്യാപികയ്ക്ക് ആണ് സ്ഥാനക്കയറ്റം നൽകിയതിനാലാണ് പ്രധാനാധ്യാപിക വിരമിച്ച ഒഴിവിൽ തമിഴ് എൽ.പി.എസ്.റ്റി ആയി സിസ്റ്റർ. കെജിൻ മേരി എസ്സിനെ നിയമിച്ചിരുന്നത്. 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഈ സ്കൂളിന് 4 മലയാളം ഡിവിഷനും 4 തമിഴ് ഡിവിഷനും അനുവദിച്ച ഒരു മലയാളം പ്രധാനാധ്യാപിക തസ്തികയും 3 മലയാളം എൽ.പി.എസ്.റ്റി തസ്തികയും 4 തമിഴ് എൽ.പി.എസ്.റ്റി തസ്തികയും അനുവദിച്ച നൽകിയിരുന്നു. നിയമന തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം നിയമനാർത്ഥി ഉൾപ്പടെ 4 തമിഴ് എൽ.പി.എസ്.റ്റി അധ്യാപകരാണ് ജോലി ചെയ്തിരുന്നത്. വിരമിക്കൽ ഒഴിവ് ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതവുമായിരുന്നു. എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് മീഡിയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ വന്നതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളതിനാലും, സിസ്റ്റർ. കെജിൻ മേരി എസ്-ന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്തു കെ-ടെറ്റ് കാറ്റഗറി-1 വിജയിച്ചതിന്റെ മാർക്ക് ലിസ്റ്റ് മാത്രമായിരുന്നു സമർപ്പിച്ചതിനാലും, തമിഴ് നാട്ടിലെ സ്കൂളിലെ NSS പ്രൊജക്റ്റ് ഓഫീസർ നൽകിയ സ്വഭാവ സർട്ടിഫിക്കറ്റ് ആണ് നൽകിയിരുന്നത്, ആയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കാത്തതിനാലും, തമിഴ് നാട്ടിൽ നിന്നും ലഭിച്ച എസ്.എസ്.എൽ.സി, എച്.എസ്.ഇ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കാത്തതിനാലും പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ 18/12/2023-ലെ C/47798/2023/സമന്വയ നമ്പർ ഉത്തരവ് പ്രകാരം സിസ്റ്റർ. കെജിൻ മേരി എസ് -ന്റെ നിയമനം നിരസിച്ചുത്തരവായി. ആയതിനു എതിരെ മാനേജർ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു എന്നാൽ മേൽ അപ്പീൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ സ്കെയിൽ ഓഫ് പേയിലെ നിയമനം സാധിക്കുകയില്ല എന്നുള്ള കാരണത്താൽ മേൽ ഓഫീസിലെ 09/05/2024-ലെ ബി1/202451/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയും ചെയ്തു. ആയതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും മേൽ അപ്പീലും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ സ്കെയിൽ ഓഫ് പേ-യിലെ നിയമനം സാധിക്കുകയില്ല എന്നുള്ള കാരണത്താൽ 28/04/2025-ലെ എഫ്(4)/723550/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയും ചെയ്തു. ഇപ്പോൾ മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജിയിൽ കെ-ടെറ്റ് കാറ്റഗറി-1 സർട്ടിഫിക്കറ്റ്, നിയമന തീയതിയിലെ പുതിയ സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. അതോടൊപ്പം മേൽ ഹർജിയിൽ സിസ്റ്റർ. കെജിൻ മേരി എസ്സിന്റെ 01/06/2023 മുതലുള്ള 35600-75400 ശമ്പള സ്കെയിലിലെ നിയമനം ദിവസവേതനടിസ്ഥാനത്തിലെങ്കിലും അംഗീകരിച്ച നൽകുവാനാണ് മാനേജർ ആവശ്യപ്പെട്ടിരിക്കുന്നത്. സിസ്റ്റർ. കെജിൻ മേരി എസ് -നെ നിയമിച്ചിരിക്കുന്ന ഒഴിവ് വ്യവസ്ഥാപിതമായതിനാലും, തമിഴ് എൽ.പി.എസ്.റ്റി തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ ടിയാൾക്കുള്ളതിനാലും സിസ്റ്റർ. കെജിൻ മേരി എസ്സിന്റെ 01/06/2023 മുതലുള്ള 35600-75400 ശമ്പള സ്കെയിലിലെ തമിഴ് എൽ.പി.എസ്.റ്റി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ തടസങ്ങൾ ഒന്നും ഇല്ല.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ

ഓഫീസർമാരുടെയും റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് വിഭാഗം പ്രധാനാധ്യാപിക ആയിരുന്ന സിസ്റ്റർ.ഡെൽഫിൻ റോസ് 31/03/2022 ൽ വിരമിച്ച ഒഴിവിൽ ഇടപ്പള്ളി സി.റ്റി.സി എഡ്യൂക്കേഷണൽ ഏജൻസി മാനേജർ സിസ്റ്റർ കെജിൻ മേരി എസ്സിനെ 01/06/2023 മുതൽ  ശമ്പള സ്കെയിലിൽ നിയമിച്ചു. കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂൾ മലയാളം തമിഴ് മീഡിയങ്ങൾ ഉള്ള സ്കൂളായതിനാൽ തമിഴ് വിഭാഗത്തിൽ ഉള്ള പ്രധാനാധ്യാപിക വിരമിച്ചപ്പോൾ മലയാളം മീഡിയത്തിൽ ഉള്ള അധ്യാപികയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിനാലാണ് പ്രധാനാധ്യാപിക വിരമിച്ച ഒഴിവിൽ തമിഴ് എൽ.പി.എസ്.റ്റി ആയി സിസ്റ്റർ കെജിൻ മേരി എസ്സിനെ നിയമിച്ചിരുന്നത്. 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഈ സ്കൂളിന് 4 മലയാളം ഡിവിഷനും 4 തമിഴ് ഡിവിഷനും അനുവദിച്ച ഒരു മലയാളം പ്രധാനാധ്യാപിക തസ്തികയും 3 മലയാളം എൽ.പി.എസ്.റ്റി തസ്തികയും 4 തമിഴ് എൽ.പി.എസ്.റ്റി തസ്തികയും അനുവദിച്ചു നൽകിയിരുന്നു. നിയമന തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം നിയമാനാർത്ഥി ഉൾപ്പെടെ 4 തമിഴ് എൽ.പി.എസ്.റ്റി അധ്യാപകരാണ് ജോലി ചെയ്തിരുന്നത്. വിരമിക്കൽ ഒഴിവ് ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതവുമായിരുന്നു. എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിലെ തമിഴ് മീഡിയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ വന്നതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളതിനാലും, സിസ്റ്റർ കെജിൻ മേരി എസ് ന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്തു കെ-ടെറ്റ് കാറ്റഗറി-1 വിജയിച്ചതിന്റെ മാർക്ക് ലിസ്റ്റ് മാത്രമായിരുന്നു സമർപ്പിച്ചതിനാലും, തമിഴ് നാട്ടിലെ സ്കൂളിലെ NSS പ്രൊജക്റ്റ് ഓഫീസർ നൽകിയ സ്വഭാവ സർട്ടിഫിക്കറ്റ് ആണ് നൽകിയിരുന്നത്, ആയതിന്റെ  ആധികാരികത പരിശോധിക്കാൻ സാധിക്കാത്തതിനാലും,തമിഴ് നാട്ടിൽ നിന്നും ലഭിച്ച എസ്.എസ്.എൽ.സി, എച്ച്.എസ്.ഇ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കാത്തതിനാലും നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിക്കുകയുണ്ടായി.

5) 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കുട്ടിക്കാനം എസ്.ജെ.എൽ.പി. സ്കൂളിലെ തമിഴ് മീഡിയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽ വന്നതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. സിസ്റ്റർ കെജിൻ മേരി എസ്. നെ നിയമിച്ചിരിക്കുന്ന ഒഴിവ് വ്യവസ്ഥാപിതമായതിനാലും, തമിഴ് എൽ.പി.എസ്.റ്റി. തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ ടിയാൾക്കുള്ളതിനാലും ടിയാളുടെ 01/06/2023 മുതലുള്ള ശമ്പള സ്കെയിലിലെ തമിഴ് എൽ.പി.എസ്.റ്റി. നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ, 12/06/2018 ലെ സ.ഉ.(പി)നം.83/2018/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, Form 27 ൽ onwards appointment ആയി അംഗീകരിക്കാവുന്നതാണെന്ന നിർദേശം പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കൊണ്ടും അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പീരുമേട്.
ജനറൽ മാനേജർ, സി.ടി.സി എഡ്യൂക്കേഷണൽ ഏജൻസി, സെന്റ് ജോസഫ്സ് വിദ്യാഭവൻ ഇടപ്പള്ളി കൊച്ചി - 682024
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 23-01-2026 11:16:44**

സെക്ഷൻ ഓഫീസർ